എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ജുഡീഷ്യറിക്ക് എതിരായി ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളെ സംബന്ധിച്ച നിജസ്ഥിതി പരിശോധിക്കുന്നതാണ്. അതുസംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കുന്നതാണ്. അഴിമതി നിരോധന നിയമപ്രകാരം എടുക്കേണ്ടുന്ന ചില പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അത് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ പരിശോധിക്കുന്നതാണ്. ഇന്ത്യാ വിഷൻ സംപ്രേക്ഷണം ചെയ്ത കാര്യങ്ങളെ സംബന്ധിച്ച സി.ഡി. ഹാജരാക്കാൻ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് അവർ നൽകുകയാണെങ്കിൽ അതിനെ സംബന്ധിച്ചുള്ള തുടർനടപടികളും സ്വീകരിക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റിന് നിയമാനുസൃതമായി ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ഈ കാര്യത്തിൽ ചെയ്യുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഇന്ത്യാ വിഷനിലൂടെ പുറത്തുവന്നിട്ടുള്ള വകുപ്പ് 164 അനുസരിച്ച് മൊഴി മാറ്റിയെന്നുപറയുന്ന കാര്യം അന്വേഷിക്കുമെന്നാണ് പറഞ്ഞത്. ഈ കാര്യത്തിൽ വന്നിട്ടുള്ള ആരോപണങ്ങൾക്ക് വിധേയമായി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ പ്രതി ചേർത്തുകൊണ്ട് ഐസ്ക്രീം പാർലർ കേസ് അന്വേഷിക്കാൻ തയ്യാറാകുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമാനുസൃതമായി ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമായിരിക്കുകയാണ്. അതിന്റെ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

11.00 AM]

VI. സബ്മിഷൻ

(1) ജില്ലാതല നിയമനങ്ങൾക്ക് വെയ്റ്റേജ് മാർക്ക്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മലബാർ ജില്ലയിലെ പി.എസ്.സി. ജില്ലാതല നിയമനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നവരിൽ മഹാഭൂരിപക്ഷവും പ്രസ്തുത ജില്ലകളിൽനിന്നുള്ളവരല്ല. വിദ്യാഭ്യാസ സൗകര്യവും മത്സരപരീക്ഷാ പരിശീലനത്തിന്റെ അപര്യാപ്തതയുമൊക്കെ ഇതിനുകാരണമാണ്. ഇത്തരം ജില്ലാതല നിയമനങ്ങളിൽ ഒന്നാം റാങ്കുകാരനും അവസാന റാങ്കുകാരനും തമ്മിൽ പതിനഞ്ചോ ഇരുപതോ മാർക്കിന്റെ വ്യത്യാസമാണ് ഇതുമൂലം മലബാറുകാർക്ക് നിത്യനം ലഭ്യമാകാതെ വരുന്നു. അഞ്ച് മാർക്ക് ഗ്രേസ് മാർക്കായി ലഭിച്ചാൽ ഇത്തരം പ്രയാസങ്ങളിൽനിന്ന് ഒരുപരിധിവരെ മലബാറിൽനിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് മറികടക്കാനാകും. ഇതൊരു പ്രദേശത്തെ ഉദ്യോഗാർത്ഥിയോടുള്ള പക്ഷപാതമല്ല, തുല്യനീതിയുടെ വിഷയമാണ്. കഴിഞ്ഞ ഡിസംബർ 31-ന് പി.എസ്.സി. പുറപ്പെടുവിച്ച എൽ.ഡി.ക്ലർക്ക് പരീക്ഷയുടെ വിജ്ഞാപനത്തിൽ ഇത് ഉൾപ്പെടുത്താൻ കഴിഞ്ഞില്ലായെങ്കിലും അതിന് പ്രത്യേകമായ നടപടികളുണ്ടാകണം. കൂടാതെ രണ്ടരവർഷമായി സർക്കാരിന്റെ മുന്നിൽ ഇതുസംബന്ധിച്ച പ്രൊപ്പോസലും ഉണ്ട്. എങ്കിലും അനുകൂലമായ അടിയന്തര നടപടി ഉണ്ടാകണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെടുകയാണ്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് 3-7-2008-ൽ പി.എസ്.സി. ഈ പ്രൊപ്പോസൽ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഭേദഗതി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയിൽ വ്യക്തമാക്കിയതാണ്. അതുകൊണ്ട് രണ്ടരവർഷത്തോളമായി സർക്കാരിന്റെ മുന്നിലുള്ള ഈ പ്രൊപ്പോസൽ പരിശോധിച്ച് അനുകൂലമായ അടിയന്തര നടപടി സ്വീകരിച്ച് ജില്ലാതല നിയമനങ്ങൾക്ക് അതാത് ജില്ലക്കാർക്ക് അഞ്ച് മാർക്കുവീതം ഗ്രേസ് മാർക്ക് നൽകാൻ സർക്കാർ തയ്യാറാകുമോ?

11.00 AM]

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, പി.എസ്.സി. നടത്തുന്ന എല്ലാ ജില്ലാതല നിയമനങ്ങൾക്കും അതാതു ജില്ലയിലുള്ള ഉദ്യോഗാർത്ഥികൾക്ക് വെയ്റ്റേജായി അഞ്ച് മാർക്ക് നൽകാനും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 3-4-2003-ൽ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ പര്യാപ്തമല്ലാതിരുന്നതിനാൽ കമ്മീഷൻ ശിപാർശ പുനഃപരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാതല നിയമനങ്ങൾക്കും അതതു ജില്ലകളിലുള്ളവർക്ക് വെയ്റ്റേജായി അഞ്ചു മാർക്ക് നൽകാനും വെയ്റ്റേജ് മാർക്കിന് അർഹമാകുന്ന ഉദ്യോഗാർത്ഥികൾക്ക് കമ്മീഷൻ ആവശ്യപ്പെടുന്നതനുസരിച്ച് തഹസീൽദാർമാരുടെ റാങ്കിൽ കുറയാത്ത പദവിയിലുള്ള അധികാരി നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും കെ.എസ്. ആന്റ് എസ്.എസ്.ആർ.-ലെ ചട്ടം 5(എ)-യുടെ അനുബന്ധം നീക്കം ചെയ്യാനുമുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പുതിയ ശിപാർശ 3-7-2008-നാണ് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. . ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ കെ.എസ്.ആന്റ് എസ്.എസ്.ആർ.-ലെ ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി തയ്യാറാക്കിയ വിജ്ഞാപനം നിയമസഭയുടെ വിഷയനിർണ്ണയ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. വിഷയനിർണ്ണയ സമിതിയുടെ അംഗീകാരം ലഭിച്ചതിനുശേഷം വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(2) ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കാൻ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, കോളേജുകളിൽനിന്ന് പ്രീ-ഡിഗ്രി വേർപെടുത്തി ഹൈസ്കൂളുകളിൽത്തന്നെ പ്ലസ് ടു വരെ പഠിക്കാൻ സൗകര്യം നൽകിയ നടപടി സ്വാഗതാർഹമാണ്. ഇപ്പോൾ പല ജോലികൾക്കും എസ്.എസ്.എൽ.സി. അടിസ്ഥാന യോഗ്യത നിശ്ചയിച്ചിരുന്നത് പ്ലസ് ടു-ആക്കി ഉയർത്തിയിട്ടുണ്ട്. അതുപോലെതന്നെ ഹയർ സ്റ്റഡീസിന് പോകണമെങ്കിലും പ്ലസ് ടു പഠിക്കാൻ സൗകര്യം വേണം. എന്റെ മണ്ഡലത്തിലുള്ള ചിറയിൻകീഴ്, കടയ്ക്കാവൂർ പഞ്ചായത്തുകൾ തീരദേശ പഞ്ചായത്തുകളാണ്. അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly